**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 591**

**26.04.2017 - ൽ മറുപടിക്ക്**

# കൺസ്യൂമർഫെഡ് വഴി വിതരണം നടത്തിയ അരിയുടെ കണക്ക്

| ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അരിവില നിയന്ത്രിച്ചു നിർത്തുന്നതിന്റെ ഭാഗമായി സഹകരണ ബാങ്കുകളോടനുബന്ധിച്ച് എത്ര അരിക്കടകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | സംസ്ഥാനത്ത് അരിവില നിയന്ത്രിച്ചു നിർത്തുന്നതിന്റെ ഭാഗമായി സഹകരണ ബാങ്കുകളോട് അനുബന്ധിച്ച് 678 അരിക്കടകൾ പ്രവർത്തിക്കുന്നുണ്ട് |
| (ബി) | ഇവിടെനിന്നും ഒരു കുടുംബത്തിന് എത്ര കിലോ അരി വീതം നൽകുന്നുണ്ട്; വിതരണം ചെയ്യുന്ന അരിയുടെ വില കിലോയ്ക്ക് എത്ര രൂപയാണ്; | (ബി) | ഇവിടെ നിന്നും ഒരു കുടുംബത്തിന് ആദ്യഘട്ടത്തിൽ ആഴ്ചയിൽ 5 കിലോയും, ഇപ്പോൾ 10 കിലോയും അരി നൽകുന്നുണ്ട്. അരിക്കടകളിലൂടെ വിൽപ്പന നടത്തിവരുന്ന സുവർണ്ണമസൂരി അരിക്ക് കിലോയ്ക്ക് 25 രൂപയാണ്. |
| (സി) | കൺസ്യൂമർ ഫെഡ് ഇതുവരെ എത്ര ടൺ അരി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്; | (സി) | കൺസ്യൂമർഫെഡ് ഇതുവരെ 4800 ടൺ അരി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. |
| (ഡി) | ഇതിന് സബ്സിഡിയായി എത്ര രൂപ ചെലവുവരും; വിശദമാക്കുമോ? | (ഡി) | അരിക്കടകളുടെ നടത്തിപ്പിലേക്കായി സബ്സിഡി നിശ്ചയിച്ചിട്ടില്ല. സംഘങ്ങളുടെ ജനറൽ ഫണ്ട് ഉപയോഗിച്ചാണ് അരിക്കടകൾ നടത്തിവരുന്നത്. |

**സെക്ഷൻ ഓഫീസർ**